കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - സാമൂഹ്യ നീതി വകുപ്പിനു കീഴിൽ സംയോജിത ശിശു വികസന പദ്ധതി (ഐസിഡിഎസ്) നടത്തിപ്പിന്റെ ഭാഗമായി സൃഷ്ടിച്ചിരുന്ന ഡ്രൈവർമാരുടെ 34 തസ്തികകൾ abolish ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി (എ) വകുപ്പ്**

സ.ഉ (കൈ) നം.28/2017/സാ.നീ.വ. തീയതി, തിരുവനന്തപുരം, 12.07.2017.

പരാമർശം: (1) കേന്ദ്ര സർക്കാരിന്റെ 02.04.2003 ലെ F.No.1-3/2002(1)-1 (Vol.II) നമ്പർ കത്ത്.

(2) സാമൂഹ്യ നീതി ഡയറക്ടറുടെ 24.05.2017 ലെ ഇ 8/513/15 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യ നീതി വകുപ്പിനു കീഴിൽ സംയോജിത ശിശു വികസന പദ്ധതികളിൽ, (ഐസിഡിഎസ്), ഡ്രൈവർ തസ്തികയിൽ ഒഴിവു വരുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകൾ നിർത്തലാക്കണമെന്ന് പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വാഹനം കണ്ടം ചെയ്തുപോയതും എന്നാൽ ഡ്രൈവർ തസ്തിക നിലനിൽക്കുന്നതുമായ 34 ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ 34 ഡ്രൈവർ തസ്തികകൾ റദ്ദാക്കേണ്ടതുണ്ടെന്നും അതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. സാമൂഹ്യ നീതി വകുപ്പിനു കീഴിൽ 01.05.2017 തീയതി പ്രാബല്യത്തിൽ 85 സ്ഥിരം ഡ്രൈവർമാർ സേവനം അനുഷ്ഠിച്ചുവരുന്നതായും ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാർ റിട്ടയർ ചെയ്യുമ്പോൾ ടി തസ്തിക പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാറില്ലെന്നും ഉപയോഗശൂന്യമായ വാഹനങ്ങളിൽ അടിയന്തിര സാഹചര്യങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയോഗിച്ചും നിലവിലുള്ള ഡ്രൈവർമാരുടെ സേവനം പ്രയോജനപ്പെടുത്തിയും പ്രവർത്തിച്ചുവരികയാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യ നീതി വകുപ്പിനു കീഴിൽ സംയോജിത ശിശു വികസന പദ്ധതികളിൽ,(ഐസിഡിഎസ്), ഡ്രൈവർ തസ്തികയിൽ ഒഴിവു വരുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകൾ നിർത്തലാക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ 34 ഡ്രൈവർ തസ്തികകൾ നിർത്തലാക്കി ഇതിനാൽ ഉത്തരവാകുന്നു.

| ജില്ല | ഐ.സി.ഡി.എസ്. കാര്യാലയം | അനുവദിച്ചിട്ടുള്ള ഡ്രൈവർ തസ്തികയുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | ഐ.സി.ഡി.എസ്, ചിറയിൻകീഴ് | 1 |
| | ഐ.സി.ഡി.എസ്, നെടുമങ്ങാട് | 1 |
| കൊല്ലം | ഐ.സി.ഡി.എസ്, ചവറ | 1 |
| | ഐ.സി.ഡി.എസ് സെൽ, കൊല്ലം | 1 |
| | ഐ.സി.ഡി.എസ്, വെട്ടിക്കവല | 1 |
| പത്തനംതിട്ട | ഐ.സി.ഡി.എസ്, കോന്നി | 1 |
| | ഐ.സി.ഡി.എസ്, പറക്കോട് | 1 |
| | ഐ.സി.ഡി.എസ്, പുളിക്കീഴ് | 1 |
| | ഐ.സി.ഡി.എസ്, പന്തളം | 1 |

| | | |
|---|---|---|
| **ആലപ്പുഴ** | ഐ.സി.ഡി.എസ്, കഞ്ഞിക്കുഴി | 1 |
| | ഐ.സി.ഡി.എസ്, ചമ്പക്കുളം | 1 |
| **തൃശ്ശൂർ** | ഐ.സി.ഡി.എസ്, അന്തിക്കാട് | 1 |
| | ഐ.സി.ഡി.എസ് സെൽ, തൃശ്ശൂർ | 1 |
| | ഐ.സി.ഡി.എസ്, ചാവക്കാട് | 1 |
| **പാലക്കാട്** | ഐ.സി.ഡി.എസ്, കുഴൽമന്ദം | 1 |
| | ഐ.സി.ഡി.എസ്, നെന്മാറ | 1 |
| | ഐ.സി.ഡി.എസ്, ആലത്തൂർ | 1 |
| | ഐ.സി.ഡി.എസ്, കൊല്ലങ്കോട് | 1 |
| **മലപ്പുറം** | ഐ.സി.ഡി.എസ്, അരീക്കോട് | 1 |
| | ഐ.സി.ഡി.എസ്, കൊണ്ടോട്ടി | 1 |
| | ഐ.സി.ഡി.എസ്, മലപ്പുറം റൂറൽ | 1 |
| | ഐ.സി.ഡി.എസ്, പൊന്നാനി | 1 |
| | ഐ.സി.ഡി.എസ്, താനൂർ | 1 |
| | ഐ.സി.ഡി.എസ്, തിരൂർ | 1 |
| | ഐ.സി.ഡി.എസ്, കുറ്റിപ്പുറം | 1 |
| **കോഴിക്കോട്** | ഐ.സി.ഡി.എസ്, കുന്ദമംഗലം | 1 |
| | ഐ.സി.ഡി.എസ്, കൊടുവള്ളി | 1 |
| | ഐ.സി.ഡി.എസ്, പേരാമ്പ്ര | 1 |
| | ഐ.സി.ഡി.എസ്, അർബൻ 1 | 1 |
| **കണ്ണൂർ** | ഐ.സി.ഡി.എസ്, തളിപ്പറമ്പ് | 1 |
| | ഐ.സി.ഡി.എസ്, പേരാവൂർ | 1 |
| | ഐ.സി.ഡി.എസ്, കണ്ണൂർ അർബൻ | 1 |
| **കാസർഗോഡ്** | ഐ.സി.ഡി.എസ്, കാസർഗോഡ് | 1 |
| | ഐ.സി.ഡി.എസ്, കാഞ്ഞങ്ങാട് | 1 |
| | | 34 |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**മിനി ആന്റണി ഐ.എ.എസ്,**
**സ്പെഷ്യൽ സെക്രട്ടറി.**

സാമൂഹ്യ നീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ